## സ്റ്റേറ്റ് റിസോഴ്സ് സെന്റർ, കേരളം
## എസ്.ആർ.സി കമ്മ്യൂണിറ്റി കോളേജ്
# സർട്ടിഫിക്കറ്റ് ഇൻ യോഗ

### പ്രവേശന പത്രിക

സ്റ്റേറ്റ് റിസോഴ്സ് സെന്റർ കേരളയുടെ ആഭിമുഖ്യത്തിലുള്ള എസ്.ആർ.സി കമ്മ്യൂണിറ്റി കോളേജ് 2020 ജനുവരി സെഷനിൽ ആരംഭിക്കുന്ന **സർട്ടിഫിക്കറ്റ് ഇൻ യോഗ** (CYA) പ്രോഗ്രാമിലേക്ക് അപേക്ഷ ക്ഷണിക്കുന്നു. എസ്.ആർ.സിയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള യോഗ പഠന കേന്ദ്രങ്ങൾ വഴിയാണ് സർട്ടിഫിക്കറ്റ് പ്രോഗ്രാം നടത്തപ്പെടുന്നത്. സ്റ്റേറ്റ് റിസോഴ്സ് സെന്റർ ആസ്ഥാനത്ത് നിലവിലുള്ള പഠന കേന്ദ്രം വഴിയും സർട്ടിഫിക്കറ്റ് പ്രോഗ്രാമിൽ ചേർന്നു പഠിക്കാം. ആറു മാസമാണ് സർട്ടിഫിക്കറ്റ് പ്രോഗ്രാമിന്റെ കാലാവധി. പ്രോഗ്രാമിന്റെ ഉള്ളടക്കത്തെക്കുറിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. യോഗാദർശനം: ആമുഖം (YE001)
2. യോഗാസനങ്ങളും പ്രാണായാമവും (YE002)
3. യോഗയും ശരീരശാസ്ത്രവും (YE003)
4. പ്രായോഗിക പരിശീലനം

പൊതു അവധി ദിവസങ്ങളിൽ സംഘടിപ്പിക്കുന്ന സമ്പർക്ക ക്ലാസ്സുകൾ, ഓരോ വിഷയ ത്തിലും തയ്യാറാക്കിയിട്ടുള്ള സ്വയം പഠന സഹായികൾ എന്നീ മാർഗ്ഗങ്ങളിലൂടെയാണ് യോഗ പഠനം പുരോഗമിക്കുന്നത്. പ്രോഗ്രാം വിജയകരമായി പൂർത്തിയാക്കുന്നതിന് 70 ശതമാനം ഹാജർ ഉറപ്പുവരുത്തണം. സർട്ടിഫിക്കറ്റ് പ്രോഗ്രാമിന് അപേക്ഷിക്കുന്നതിനുള്ള അടിസ്ഥാന വിദ്യാഭ്യാസ യോഗ്യത പത്താം ക്ലാസ്സ് പാസ്സ് അഥവാ തത്തുല്യ യോഗ്യതയാണ്. അപേക്ഷകർ 17 വയസ്സ് പൂർത്തിയാക്കിയിരിക്കണം. ഉയർന്ന പ്രായപരിധിയില്ല.

എസ്.ആർ.സിയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള വിവിധ കേന്ദ്രങ്ങളിൽ ആരംഭിക്കുന്ന സർട്ടിഫിക്കറ്റ് ഇൻ യോഗ പ്രോഗ്രാമിന് അപേക്ഷിക്കാം. ആറുമാസം ദൈർഘ്യമുള്ള പ്രസ്തുത പ്രോഗ്രാമിന് 5500/- രൂപയാണ് ഫീസ്. 200 രൂപ അപേക്ഷ ഫീസിനത്തിൽ ചേർത്ത് വേണം അപേക്ഷിക്കാൻ. സർട്ടിഫിക്കറ്റ് പ്രോഗ്രാം വിജയകരമായി പൂർത്തിയാക്കിയ വർക്ക് +2 യോഗ്യതയുള്ള പക്ഷം യോഗ ഡിപ്ലോമ പ്രോഗ്രാം ലാറ്ററൽ എൻട്രി വഴി ആറു മാസത്തെ പഠനം കൊണ്ട് പൂർത്തിയാക്കാം.

അപേക്ഷഫാറം അടങ്ങിയ പ്രോസ്പക്ടസ് 200 രൂപ ഒടുക്കി നേരിട്ടും എസ്.ആർ.സി കമ്മ്യൂ ണിറ്റി കോളേജിന്റെ പേരിൽ എടുത്ത 250/- രൂപയുടെ DD യോടൊപ്പം അപേക്ഷിച്ചാൽ തപാലിലും ലഭിക്കും. വിലാസം ഡയറക്ടർ, സ്റ്റേറ്റ് റിസോഴ്സ് സെന്റർ, നന്ദാവനം, വികാസ്ഭ വൻ പി.ഒ, തിരുവനന്തപുരം-33. ഫോൺ നം: 0471-2325101. ഓൺലൈനിൽ അപേക്ഷിക്കു ന്നതിന്. www.srccc.in എന്ന വെബ് സൈറ്റിലൂടെ കഴിയും ഓൺലൈനിൽ വിശദാംശ ങ്ങൾ രേഖപ്പെടുത്തി അപേക്ഷ സമർപ്പിച്ച് പ്രിന്റെടുത്ത് 11,200/- രൂപ DD ആയോ ട്രാൻസ്ഫർ (RTGS, NEFT) ആയോ ഒടുക്കി പ്രസ്തുത അപേക്ഷയോടൊപ്പം ചേർത്ത് എസ്. ആർ.സിയിലേക്ക് നേരിട്ട് അയക്കുക.അപേക്ഷഫോറം https://srccc.in/download എന്ന ലിങ്കിൽ നിന്നും ഡൗൺലോഡ് ചെയ്ത് പ്രിന്റെടുത്ത് അപേക്ഷിക്കാവുന്നതാണ്. ജില്ലകളിലെ പഠനകേന്ദ്രങ്ങളുടെ വിശദാംശങ്ങളും ബന്ധപ്പെടേണ്ട ഫോൺ നമ്പറുകളും ചുവടെ ചേർക്കുന്നു.

Sd/-
**ഡയറക്ടർ**